**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1405** **07-10-2021 - ൽ മറുപടിയ്ക്ക്**

**അപ്നാഘർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിനാലൂരിൽ നിർമ്മിക്കുന്ന അപ്നാഘർ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | എ) കിനാലൂരിൽ നിർമ്മിക്കുന്ന അപ്നാഘർ ഫേയ്സ്-1 പ്രോജക്ടിന്റെ നിർമ്മാണ ജോലികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) | എത്ര അതിഥി തൊഴിലാളികൾക്കാണ് അപ്നാഘർ ഫ്ലാറ്റിൽ താമസിക്കാൻ കഴിയുന്നത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | ബി) അപ്നാഘർ-കിനാലൂർ ഫേയ്സ്-1 പ്രോജക്ടിന്റെ ഭാഗമായി ലോബി ഏരിയയും, വാർഡന്റെ മുറിയും, ഓഫീസ് മുറിയും, 180 വ്യക്തികൾക്ക് ഇരിക്കുവാൻ സൗകര്യമുള്ള ഭക്ഷണ സ്ഥലവും, വർക്ക്ഏരിയ/സ്റ്റോർ മുറി/ഭക്ഷണം തയ്യാറാക്കുന്ന മുറി/പാത്രം കഴുകുന്നതിനുള്ള സ്ഥലം ഇവയോടുകൂടിയ അടുക്കളയും, ടോയിലെറ്റ് ബ്ളോക്കും, 88 കിടക്കകളും ഉള്ള താഴത്തെ നിലയിൽ (ഗ്രൗണ്ട് ഫ്ളോർ) 88 അതിഥി തൊഴിലാളികൾക്ക് താമസിക്കുവാൻ കഴിയുന്നതാണ്. |
| (സി) | പ്രസ്തുത ഫ്ലാറ്റ് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ? | (സി) | സി) അപ്നാഘർ-കിനാലൂർ ഫേയ്സ്-1 പ്രോജക്ടിന്റെ നിർമ്മാണ ജോലികൾ അവസാന ഘട്ടത്തിലാണ്. എന്നാൽ, താമസയോഗ്യമാക്കുവാൻ ചുറ്റമതിൽ, സെക്യൂരിറ്റി ക്യാബിൻ, സെപ്റ്റേജ് ടാങ്ക് തുടങ്ങി മറ്റ് സൗകര്യങ്ങൾ കൂടി ഒരുക്കേണ്ടതുണ്ട്. ടി ജോലികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. ആയതിനാൽ ടി നിർമ്മാണ പ്രവർത്തനങ്ങൾ കൂടി പൂർത്തിയായി ഏകദേശം ജൂലൈ 2022-ഓട് കൂടി താമസയോഗ്യമാക്കാമെന്നാണ്പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ